# നോമ്പുകാലം

## വചന വിചിന്തനം

### ഏഴാം ഞായർ

മത്താ 21,1-17

**"കുതിരപ്പുറത്തു എഴുന്നുള്ളുന്ന രാജാവ് യുദ്ധവീരനും കഴുതപ്പുറത്തുവരുന്നവൻ സമാധാനപ്രിയനുമാണ്!"**

1 രാജാക്കൻമാർ 1,33 ൽ കാണുന്ന മനോഹരമായ രംഗം ഇസ്രായേലിന്റെ രാജാവാകാൻ തന്റെ പിതാവിന്റെ പ്രിയപ്പെട്ട കഴുതപ്പുറത്തെഴുന്നുള്ളുന്ന ദാവീദിന്റെ പുത്രനായ സോളമന്റെ വാങ്മയ ചിത്രമാണ്. സോളമന്റെ എഴുന്നുള്ളിപ്പ് ജറുസലേമിലെ ഭരണമാറ്റത്തിന്റെ സൂചനയാണ് സമ്മാനിക്കുന്നത്. എങ്കിൽ, ഇതിനോട് തത്തുല്യമായി, മിശിഹാ കഴുതപ്പുറത്തേറി ജറുസലേമിലേയ്ക്ക് തന്റെ രാജകീയ പ്രവേശനം നടത്തുന്ന ഓർമ്മയാണ് ഓശന ഞായർ. ഇതും ഒരു ഭരണമാറ്റത്തിന്റെ സൂചനയാണ്. യഹൂദഭരണത്തിന് അറുതി വരുത്തിക്കൊണ്ട് മിശിഹാ ഭരണം നടത്തുന്ന 'ദൈവരാജ്യ'ത്തിന്റെ സൂചന.

ഓശന ഞായറിന്റെ ഓർമ്മകൾ നാം എത്ര വലുതായാലും പച്ചകെടാതെ മനസ്സിൽ കാത്തു സൂക്ഷിക്കുന്ന ഒന്നാണ്. കാരണം, ഓശാന ഞായറിലാണ് ജീവിതത്തിലെ ഏറ്റവും വിഭിന്നമായ ആഘോഷത്തിന്റെ നടുവിൽ നിന്ന് വി.ബലി ആഘോഷിക്കുന്നത്. അന്ന് നേരത്തെ തന്നെ പള്ളിയുടെ മുമ്പിൽ സ്ഥാനം പിടിച്ചിരിക്കും. വികാരിയച്ചനിൽ നിന്ന് കുരുത്തോലകൾ ആദ്യമെ സ്വന്തമാക്കണം. ആദ്യം തന്നെ സ്വന്തമാക്കിയാൽ പോര, ഏറ്റവും നീളത്തിലുള്ളത് സ്വന്തമാക്കണം. എങ്ങാനും നീട്ടം കുറഞ്ഞുപോയാൽ വീണ്ടും വരിയിൽ നിന്ന് ചുളുവിൽ ഏറ്റവും വലുത് കരസ്ഥമാക്കാനുള്ള തത്രമാപട്. എന്നിട്ടോ, സ്വന്തമാക്കിയ കുരുത്തോലയുടെ അറ്റത്ത് കുരിശുണ്ടാക്കി അതിന് കീഴെയുള്ള ഭാഗത്തുള്ള ഓല കീറി എറ്റവും മനോഹരമായ രൂപം ഉണ്ടാക്കി, 'എന്റെ മനോഹരമായ കുരുത്തോല കണ്ടോ' എന്ന് പറഞ്ഞ് മറ്റുള്ളവർക്ക് മുമ്പിൽ നെഞ്ച് വിരിച്ച് നിൽക്കുന്ന രംഗം എത്ര വലുതായാലും മനസിൽ നിന്ന് മായില്ല. നാം ആഘോഷങ്ങളുടെ നടുവിൽ നിന്നാണ് ഓശാന ഞായർ ആഘോഷിക്കുന്നത്. എന്നാൽ, ക്രിസ്തുവിന് ആ ആഘോഷമുണ്ടായിരുന്നില്ല. കാരണം, ക്രിസ്തുവിന്റെ പരസ്യജീവിതത്തിലെ ഏറ്റവും അവസാനത്തെ ആഴ്ച്ചയുടെ ആരംഭമായിരുന്നു 'ഓശാന ഞായർ.'

കുരുത്തോല
ഏറ്റവും ആകർഷണമുള്ള
സുന്ദരമായ
ഒന്നാണ്...
പക്ഷേ,
ദിവസങ്ങൾക്കുള്ളിൽ
ചുക്കി ചുളിഞ്ഞ് പോകും!
സ്തുതിപാടകരുടെ
സ്തുതിഗീതങ്ങളും....

ക്രിസ്തുവിന്റെ ജീവിതത്തിലെ അവസാന ആഴ്ച്ച പലതുകൊണ്ടും വ്യത്യസ്ഥത പുലർത്തിയിരുന്നു ക്രിസ്തു. ഒരിക്കൽപ്പോലും തന്റെ ശിഷ്യർ ബുദ്ധിമുട്ടരുത് എന്ന് കരുതിയവൻ തന്റെ ശിഷ്യരെ ദൂരെയ്ക്കയച്ച് കഴുതയെയും കഴുതകുട്ടിയെയും കൊണ്ട് വന്ന് അതിന്റെ പുറത്ത് കയറി യാത്ര ചെയ്യുന്നു. തന്നെ രാജാവാക്കാൻ പിടിച്ചുകൊണ്ട് പോകുമെന്ന് ഭയന്ന് ജനക്കൂട്ടത്തിൽ നിന്ന് അപ്രത്യക്ഷനായവൻ, ജനക്കൂട്ടത്തിന് നടുവിലൂടെ രാജകീയമായി അവരുടെ സ്തുതികളും ആരവങ്ങളും കേട്ട് യാത്ര ചെയ്യുന്നു. രാജകീയ പ്രവേശത്തിനൊടുവിൽ, "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്. നിങ്ങൾ എന്നിൽ നിന്ന് പഠിക്കുവിൻ" എന്നരുൾ ചെയ്തവൻ കയറുകൊണ്ട് ചാട്ടയുണ്ടാക്കി ദേവാലം ശുദ്ധീകരിച്ച് അവിടെ ഭീകര അന്തരീക്ഷം സൃഷ്ടിക്കുന്നു. സൗമ്യനും ശാന്തശീലനുമായവന്റെ കൈയിൽ മിന്നൽപിണരുകൾ സൃഷ്ടിക്കുന്ന ചാട്ട! അവന്റെ മുഷ്ടിക്ക് മുമ്പിൽ തലകുനിക്കുന്ന നാണയമാറ്റക്കാരും ദേവാലയധികാരികളും. അവസാനം, അധികാരികളെ ആദരിക്കണം എന്നു പഠിപ്പിച്ചവൻ, ചങ്കിൽ തറയ്ക്കുന്ന വാക്കുകളുമായി അവരെ നേരിടുന്നു. പഴമക്കാർ പറയുന്നത് എത്രയോ സത്യം, "അണയാൻ പോകന്ന തിരി ആളി കത്തു!"

ക്രിസ്തുവിന്റെ ജീവിതത്തിലെ ഏറ്റവും അവസാനത്തെ ആഴ്ച്ചയ്ക്കുള്ള ആരം

ഭമായിരുന്നു 'ഓശാന ഞായർ' എങ്കിൽ അവന്റെ ചെയ്തികളും ഓശാന ഞായറും തമ്മിൽ ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ രാജകീയ പ്രവേശനം സമ്മാനിക്കുന്ന വലിയ ചിന്ത 'തന്റെ കുരിശിലെ മരണത്തിലൂടെ മനുഷ്യവർഗ്ഗത്ത് വരാൻ പോകുന്ന രക്ഷയെയാണ്.' ഈ രക്ഷ മനുഷ്യവർഗ്ഗത്തിലേയ്ക്ക് കടന്ന് വരാൻ നാം എന്ത് ചെയ്യണം എന്നതാണ് ക്രിസ്തു തന്റെ ദേവാലയ ശുദ്ധീകരണത്തിലൂടെ കാണിച്ച് തരുന്നത്. "നീ നിന്റെ ദേവാലയം ശുദ്ധീകരിക്കണം." വി.പൗലോസ് ശ്ലീഹ ഓർമ്മപ്പെടുത്തുന്നു, "നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ്" (1കോറി 3,16). കവിശകലം ഓർക്കുക;

"ദേഹം ദേവാലയം

ദൈവം വാഴും ഗേഹം!"

"ഓശാന" നാവിലലിഞ്ഞ് ചേരേണ്ട ഒരു വാക്കാണ്. കാരണം, "ഓശാന" എന്ന വാക്കിന്റെ അർത്ഥം "ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ" എന്നാണ്. 'ഓശാന' വിളികളിലൂടെ നാം വലിയ ആഴ്ച്ചയിലേയ്ക്ക് പ്രവേശിക്കുമ്പോൾ "ദൈവമാണ് ഞങ്ങളുടെ രക്ഷയ്ക്ക് നിദാനമെന്നും, ദൈവത്തിൽ മാത്രമാണ് ഞങ്ങളുടെ രക്ഷ എന്നും നാം ലോകത്തിന് മുമ്പിൽ സാക്ഷ്യപ്പെടുത്തുകയാണ്." "ഓശാന" കാഹളം ഓശാന ഞായറാഴ്ച്ചയിൽ നിന്ന് അനുദിന *ജീവിതജപമായി* മാറ്റിയെടുക്കാൻ സാധിക്കുന്നുണ്ടെങ്കൽ ക്രിസതു സമ്മാനിക്കുന്ന രക്ഷ അനുഭവിച്ചറിയാൻ സാധിക്കും. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു "കർത്താവിൽ ആശ്രയിക്കുന്നവൻ അചഞ്ചലമായി എന്നേയ്ക്കും നിലകൊള്ളുന്ന സീയോൻ പർവ്വതം പോലെയാണ്" (സങ്കീ 125,1).

*ഓശാനവിളികൾ വിജയിക്കുന്നവർക്ക് ജനം സമ്മാനിക്കുന്ന സ്തുതികളാണ്. പക്ഷേ, ഓശാനയ്ക്കപ്പുറം കാത്തിരിക്കുന്നത് ദുഃഖവെള്ളിയുടെ സങ്കടങ്ങൾകൂടിയാണ്.....*

ഒരു ജനത്തിന്റെ നിലവിളിയായിരുന്നു "ഓശാന," കർത്താവേ ഞങ്ങളെ രക്ഷിക്കണമേ... എന്നുള്ള പ്രാർത്ഥന. കാരണം, റോമൻ അടിമത്വത്തിന്റെയും മേൽകോയ്മയുടെയും നടുവിലായിരുന്നു ക്രിസ്തുവിന്റെ ജനനം. യഹൂദൻമാരുടെ വലിയ സ്വപ്നമായിരുന്നു റോമൻ ഭരണത്തിൻ കീഴിൽ നിന്ന് തങ്ങളെ രക്ഷിക്കാൻ വരുന്ന മിശിഹാ. BC 64 ൽ പോംപെയുടെ നേതൃത്വത്തിലുള്ള റോമൻ സൈന്യം ജറുസലേം കീഴടക്കി. യഹൂദ ദേവാലയം തകർത്തു. നിഷിദ്ധമായ പന്നിമാംസം തീറ്റിച്ചു. രാജാവിനെ ദൈവമായി കണ്ട് ആരാധിക്കാനുള്ള നിയമം കൊണ്ട് വന്ന് സീസറിനെ ആരാധിക്കാൻ യഹൂദരെ നിർബന്ധിച്ചു. പരിച്ഛേദനത്തെ എതിർത്തു. യഹൂദമതത്തെ തകർക്കാൻ റോമക്കാർ കിണഞ്ഞ് പരിശ്രമിച്ചു. ഇതിന്റെ നടുവിലാണ് ക്രിസ്തുവിന്റെ ജനനം. ഈ വേദനകൾ നെടുവീർപ്പുകളായി കർത്താവിന്റെ സന്നിധിയിലേയ്ക്ക് ഉയർന്നതാണ് "ഓശാന=കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ" എന്നുള്ള ഗദ്ഗദം.

മനുഷ്യൻ സ്വപ്നം കണ്ടത് രാഷ്ട്രീയ സ്വാതന്ത്ര്യം ആയിരുന്നെങ്കിൽ ക്രിസ്തു സ്വപ്നം കണ്ടത് രാഷ്ട്രീയത്തെക്കാൻ ആത്മീയമായി രക്ഷ അനുഭവിച്ചറിയുന്ന സ്വാതന്ത്ര്യം ആയിരുന്നു. ഒരു പൂ ചോദിക്കുമ്പോൾ ഒരു പൂക്കാലം സമ്മാനിക്കുന്ന ദൈവം! രക്ഷ കർത്താവിൽ നിന്നാണ് വരുന്നത്. "പർവ്വതങ്ങളിലേയ്ക്ക് ഞാൻ കണ്ണുകളുയർത്തി. എനിക്ക് സഹായം എവിടെ നിന്ന് വരും? എനിക്ക് സഹായം കർത്താവിൽ നിന്ന് വരുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്" (സങ്കീ 12,1- 2).

നാം രക്ഷ തേടുന്നത് ആരിലാണ്? കർത്താവിൽ രക്ഷ തേടാൻ നമുക്ക് സാധിക്കുന്നുണ്ടോ? പലപ്പോഴും, രക്ഷ സമ്മാനിക്കാൻ കഴിവുള്ളവനിൽ രക്ഷ തേടാതെ മക്കളിലും മാതാപിതാക്കളിലും, സമ്പത്തിലും സ്ഥാനമാനങ്ങളിലും, സുഹൃത്തുകളിലും ബന്ധുക്കളിലും രക്ഷ തേടുന്നവരല്ലേ നാം. ഭൗതീകവസ്തുകളിൽ രക്ഷ തേടുന്നവർ പ്രതിസന്ധിയിലാകും. കർത്താവിൽ ആശ്രയിക്കുന്നവരാണ് എന്നും അചഞ്ചലരായി നിലയുറപ്പക്കുന്നത്. ഓശാന ഞായറിന്റെ ചിചിന്തനങ്ങളിൽ കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും രസകരമായ സംഭവങ്ങളിലൊന്ന്.

കഴുതയും കഴുതകുട്ടിയും. കഴുതകുട്ടിക്ക് പുറത്തിറങ്ങാൻ ഭയമാണ്. കാരണം, കുഞ്ഞിന് വേണ്ടി തീറ്റതേടിപോകുന്നു അമ്മകഴുത തനിക്കുണ്ടാകുന്ന വേദനകളെല്ലാം കഴുതകുട്ടിയുമായി പങ്കുവയ്ക്കാറുണ്ടായിരുന്നു. കഴുത വിഴുപ്പ് ചുമക്കുന്ന ജീവിയാ

ണ്. ആർക്കും ഒരു ദ്രോഹവും കഴുത ചെയ്യാറില്ലാതതു കൊണ്ട് അതിനെ എങ്ങനെ വേണമെങ്കിലും ഉപദ്രവിക്കാം ഇതാണ് മനുഷ്യചിന്ത. അതിനാൽ തന്നെ ഒരുപാട് തിരസ്ക്കരണങ്ങളും ദ്രോഹങ്ങളും അറ്റ് വാങ്ങാൻ വിധിക്കപ്പെട്ട ജീവിയാണ് കഴുത എന്ന് കുട്ടികഴുതയ്ക്കറിയാം. അതുകൊണ്ട് തന്നെ കഴുതകുട്ടിയ്ക്ക് പുറത്തിറങ്ങാൻ വലിയ പേടിയാണ്. അങ്ങനെയിരിക്കെ ഒരു ദിവസം രണ്ട് പേർ വന്ന് കഴുതകുട്ടിയെ അഴിച്ചു കൊണ്ട് പോകുന്നു. കഴുതകുട്ടി ആകാവുന്ന വിധത്തിലെല്ലാം വിസമ്മതം പ്രകടിപ്പിച്ച് നോക്കി. എന്നിട്ടും ബലമായി കഴുതകുട്ടിയെ കൊണ്ടു പോവുകയാണ്. വലിയ വിഷമത്തോട് കൂടിയാണെങ്കിലും കഴതകുട്ടി അവരോട് കൂടി യാത്രയായ്. അപ്പോഴാണ്, കഴുതയുടെ മുതലാളി വന്ന് കഴുതയെ കൊണ്ട് പോകുന്നവരോട് ചോദിക്കുന്നത്, "നിങ്ങൾ എന്ത് അന്യായമാണ് ചെയ്യുന്നത്? ഇത് എന്റെ കഴുതയും കുട്ടിയുമാണെന്ന് അറിഞ്ഞു കൂടെ?" കഴുതകുട്ടിക്ക് വലിയ ആശ്വാസമായ്. കാരണം, തന്നെ കൊണ്ടുപോകുന്നതിനെതിരെ യജമാനൻ തിരിഞ്ഞിരിക്കുന്നു. ഇനി ഇവരോടൊപ്പം പോകേണ്ട. ഇങ്ങനെ വചാരിച്ചിരിക്കുന്നതിന്റെ ഇടയിലാണ് അഴിച്ചുകൊണ്ടുപോയവരുടെ മറുപടി, "കർത്താവിന് ഇതിനെകൊണ്ട് ആവശ്യമുണ്ട്." കർത്താവ് എന്ന് കേട്ടതും രണ്ടാമതൊന്നും ആലോചിക്കാതെ കഴുതകുട്ടിയെ അവരോടൊപ്പം യജമാനൻ അയക്കുകയാണ്.

പിന്നീട് സംഭവിക്കുന്നതെല്ലാം തികച്ചും നാടകീയമായാണ്. കഴുതകുട്ടിയുടെ പുറത്ത് വസ്ത്രങ്ങൾ വിരിക്കുന്നു. ഒരു വ്യക്തി പുറത്ത് കയറി ഇരിക്കുന്നു. കഴുത പോകുന്ന വഴിയിലെല്ലാം വസ്ത്രങ്ങൾ വിരിക്കുന്നു. ജനങ്ങൾ ഓശാനപാടി തങ്ങളെ എതിലേൽക്കുന്നു. ഒലിവിൻ കമ്പുകൾ കൈകളിലേന്തി സ്തീ ജനങ്ങൾ ചുറ്റും നൃത്തം വയ്ക്കുന്നു. അമ്മ കഴുത പറഞ്ഞതിൽ നിന്ന് തീർത്തും വിഭിന്നമായ കാര്യങ്ങളാണ് നടക്കുന്നത്. കുട്ടികഴുത മനസ്സിൽ വിചാരിച്ചു, "അമ്മ നുണ പറയുകയായിരുന്നു ഞാൻ പുറത്തിറങ്ങാതിരിക്കാൻ."

രാജകീയമായ യാത്രയെല്ലാം കഴിഞ്ഞു. പിറ്റേ ദിവസം തെല്ലഹംങ്കാരത്തോടു കൂടിയാണ് കഴുതകുട്ടി എഴുന്നേറ്റത്. തലേദിവസത്തെ യാത്ര ഒരിക്കലും മറക്കാൻ പറ്റാത്ത ഒന്നായിരുന്നു കഴുതകുട്ടിക്ക്. കുറച്ച് നേരം കഴിഞ്ഞപ്പോൾ കഴുകുട്ടി വിചാരിച്ചു, ഇന്നലത്തെപ്പോലെ ഒന്നുകൂടി സവാരി നടത്തിയാലോ? ആളുകൾ തിങ്ങിനിറഞ്ഞിരിക്കുന്ന വഴിയിലൂടെ കഴുതകുട്ടി സവാരി ആരംഭിക്കാൻ തുടങ്ങി. പക്ഷെ, ഇന്നലത്തെപ്പോലെയുള്ള സ്വീകരണങ്ങളില്ല. വഴിയിൽ ആരും തങ്ങളുടെ വസ്ത്രങ്ങൾ വിരിക്കുന്നില്ല. അളുകൾക്ക് എന്ത് പറ്റിയെന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് വലിയ ഒരു മരകഷണം മുതുകത്ത് വന്ന് വീണത്. അവിടെ നിന്ന് ചാടിപിടഞ്ഞെഴുന്നേറ്റ് അമ്മയുടെ അടുത്തേയ്ക്ക് ഒരൊറ്റ ഓട്ടമായിരുന്നു. അവിടെ ചെന്ന് അമ്മയോട് കാര്യങ്ങൾ എല്ലാം പറഞ്ഞു. അമ്മ പറഞ്ഞു, "മോനെ, നിനക്കല്ലായിരുന്നു ഇന്നലെ ജനങ്ങൾ വസ്ത്രങ്ങൾ വിരച്ചത്. നിനക്ക് വേണ്ടിയല്ല ജനങ്ങൾ ഒലിവിൻ കമ്പുകൾ ഉയർത്തി സ്തുതി പാടിയത്. മറിച്ച്, നിന്റെ മുകളിലിരുന്ന കർത്താവിനാണ്."

ഈ കഴുതകുട്ടിയും നാം തമ്മിൽ വലിയ അന്തരമൊന്നുമില്ല. കർത്താവ് നമ്മിലുണ്ടെങ്കിൽ മാത്രമാണ്, നാം കർത്താവിൽ അഭയം തേടുന്നുണ്ടെങ്കിൽ മാത്രമാണ് നമുക്ക് വിലയുള്ളത്. "വിലയുള്ളത് നേടാൻ വില കൊടുക്കണം." കർത്താവ് വിലയുള്ളവനാണ്. നാം ആപത്തുകളിൽ നിന്ന് അപകടങ്ങളിൽ നിന്ന് രക്ഷപ്രാപിക്കാൻ കാർത്താവിന്റെ നമ്മുടെ ഓഹരിയും പാനപാത്രവുമാകണം. കാരണം, കർത്താവിൽ രക്ഷയുണ്ട്.

*ഓശാന ഉണർത്തുന്ന വലിയ ചിന്ത, "ഓശാന ആലപിച്ചവർ തന്നെ ദിവസങ്ങൾക്കുള്ളിൽ ഉടുത്തുണി ഉരിയും" എന്നുള്ളതാണ്...*

***"നിന്റെ കാൽ വഴുതാൻ അവിടുന്ന് സമ്മതിക്കുകയില്ല.***
***നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല;***
***ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയില്ല!"***

**സങ്കീ 121,3 – 5**

.....................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931